ജൂൺ 01 ചൊവ്വ 2021

# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

Volume: 1, Issue: 7

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം

അങ്ങാടിപത്രം ഇംപാക്ട്

## സ്വപ്നസാക്ഷാത്ക്കാരം

### ഉരുപ്പുംകുറ്റി ഏഴാം കടവ് പാലത്തിന്റെ നിർമ്മാണം പുനരാരംഭിച്ചു



നിർമ്മാണം പുരോഗമിക്കുന്ന ഏഴാം കടവ് പാലം

**നീതു തങ്കച്ചൻ**

ഏഴാം കടവുകാരുടെ സ്വപ്നമായിരുന്ന പാലം സാക്ഷാത്കാരത്തിലേക്ക്. മൂന്നു വർഷം മുൻപേ പണി ആരംഭിച്ച പാലത്തിന്റെ നിർമ്മാണം മന്ദഗതിയിലായിരുന്നു. യാത്രാക്ലേശം അനുഭവിച്ചുകൊണ്ടിരുന്ന ഏഴാം കടവ് നിവാസികൾക്ക് പാലത്തിന്റെ വരവോടെ ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുമെന്ന് കരുതിയെങ്കിലും നിർമ്മാണം വൈകിയത് ഇവരുടെ പ്രതീക്ഷകൾക്ക് മങ്ങലേൽപ്പിച്ചിരുന്നു. ഈ അവസരത്തിലാണ് അങ്ങാടിപത്രത്തിന്റെ സമയോചിതമായ ഇടപെടൽ. ഇതിന്റെ തുടർച്ചയായി ഒരു പ്രമുഖ പത്രത്തിലും ഈ വാർത്ത വന്നതോടെ പാലത്തിന്റെ പണി പുനരാരംഭിച്ചു.

'അങ്ങാടിപത്രത്തിൽ വാർത്ത പ്രസിദ്ധീകരിച്ചതോടെ പാലം പണിയുടെ ആദ്യഘട്ടം പൂർത്തിയായി. വാർക്കയും അവസാനിച്ചു. 15 ദിവസങ്ങൾക്ക് ശേഷം പാലത്തിന്റെ മുട്ടുകൾ നീക്കം ചെയ്യും. ന്യൂനമർദ്ദത്തെ തുടർന്ന് ഉണ്ടായ ശക്തമായ മഴയിൽ ഏറെ ആശങ്കകൾ ഉണ്ടായിരുന്നുവെങ്കിലും പുഴയിൽ വെള്ളം നിറഞ്ഞൊഴുകാത്തതിനാൽ നിർമ്മാണത്തെ ബാധിച്ചില്ല. ഇനി പാലത്തിന്റെ കൈവരിയുടെയും അപ്രോച്ച് റോഡിന്റെയും പണി പൂർത്തീകരിക്കേണ്ടതുണ്ട്'. പ്രദേശവാസിയായ ആഗസ്റ്റി മുയ്യപ്പള്ളി പറയുന്നു.

പാലത്തിന്റെ പണി പൂർത്തിയായാൽ ഏഴാം കടവ് നിവാസികളുടെ യാത്രാക്ലേശം പരിഹരിക്കപ്പെടും. കൂടാതെ വീടും സ്ഥലവും വിട്ട് ദൂരെ സ്ഥലങ്ങളിൽ വാടകയ്ക്ക് താമസിക്കുന്നവർക്ക് സ്വന്തം വീട്ടിലേക്ക് മടങ്ങി വരാനും സാധിക്കും. 'മഴ കനക്കുമ്പോൾ കുത്തിയൊഴുകുന്ന പുഴയിൽ തടിയിൽ തീർത്ത പാലം ഒഴുകി പോകുന്ന സാഹചര്യമാണുണ്ടായിരുന്നത്. മഴക്കാലത്ത് ആശുപത്രിയിലും സ്കൂളിലും പോകുന്നതിനും വളരെ ബുദ്ധിമുട്ടായിരുന്നു. അതിനാൽ പാലം ഏഴാം കടവുകാരെ സംബന്ധിച്ചിടത്തോളം അനിവാര്യഘടകമാണ്. എന്നാൽ പാലത്തിന്റെ പണി പൂർത്തിയാകാത്തതു കാരണം പ്രദേശവാസികൾ വീണ്ടും ദുരിതത്തിലാകുമായിരുന്നു. തദവസരത്തിലാണ് അങ്ങാടിപത്രത്തിന്റെ കൃത്യമായ ഇടപെടൽ. ഇതിലൂടെ നാട്ടുകാരുടെ ആവശ്യം അധികൃതരിലേക്കെത്തി. അങ്ങനെ പാലം പണിയുടെ ആദ്യഘട്ടം പൂർത്തീകരിക്കപ്പെടുകയും ചെയ്തു'. ഇടവക വികാരി ഫാദർ മാത്യു വലിയപറമ്പിൽ അഭിപ്രായപ്പെട്ടു.


പണി തീരാതെ ഏഴാം കടവ് പാലം


ഏഴാം കടവ് പാലത്തിന്റെ നിർമ്മാണം മന്ദഗതിയിൽ തുടരുന്നുവെന്നത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്താൻ അങ്ങാടിപത്രത്തിലെ വാർത്തയ്ക്ക് സാധിച്ചു. നാട്ടുകാരുടെ ആവശ്യങ്ങളിൽ അവരോടൊപ്പം നിന്നുകൊണ്ട് പ്രവർത്തിക്കാൻ അങ്ങാടിപത്രത്തിനു സാധിക്കുന്നു എന്നതിന്റെ മികച്ച ഉദാഹരണമാണ് പാലം പണിയുടെ പുനരാരംഭം. പത്രം ആരംഭിച്ച് മൂന്ന് മാസങ്ങൾ പിന്നിടുമ്പോൾ അങ്ങാടിയുടെ ജനകീയപ്രശ്നങ്ങളിൽ കൃത്യമായി ഇടപെടുന്നുവെന്നത് പത്രത്തിന്റെ മികച്ച നേട്ടങ്ങളിലൊന്നായി മാറുന്നു.

## അങ്ങാടിക്കടവിന് വേണം ഒരു പബ്ലിക് ടോയ്‌ലറ്റ്

**തൊവീത്തോ പോജി**

അങ്ങാടിക്കടവിൽ പൊതുശൗചാലയം നിർമിക്കണമെന്ന ആവശ്യം ശക്തമാകുന്നു. പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, പ്രാഥമിക ആരോഗ്യ കേന്ദ്രം, അക്ഷയ കേന്ദ്രം, ബാങ്കുകൾ എന്നിവയുടെ സേവനങ്ങൾക്കായി പരിസരപ്രദേശങ്ങളിൽ നിന്നുൾപ്പെടെ നിരവധി പേരാണ് ദിവസേന അങ്ങാടിക്കടവിലേക്ക് എത്തുന്നത്. ഒരു പൊതുശൗചാലയ സൗകര്യത്തിന്റെ അപര്യാപ്തത വലിയൊരു പ്രശ്നമായി പലരും സൂചിപ്പിക്കുന്നു. അങ്ങാടിക്കടവിൽ പഞ്ചായത്തിന് സ്വന്തമായി സ്ഥലമില്ലെന്നതാണ് ശൗചാലയ നിർമ്മാണത്തിന് പ്രധാന തടസ്സമായി പഞ്ചായത്തധികൃതർ ചൂണ്ടിക്കാട്ടുന്ന വസ്തുത.

'അക്ഷയ കേന്ദ്രം, ബാങ്ക്, പി എച്ച് സി ഇവിടെയൊക്കെ നല്ല തിരക്കുള്ള സ്ഥലങ്ങളാണ്. ദിവസം മുഴുവനും തന്നെ കാത്തിരിക്കേണ്ടി വരും. ആ അവസരങ്ങളിൽ ഇതൊരു വലിയ പ്രശ്നമായി അനുഭവപ്പെട്ടിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമാണ് ഏറ്റവും ബുദ്ധിമുട്ട് ' ജോസ് എസ് ജെ പറഞ്ഞു.

പ്രാഥമികാരോഗ്യകേന്ദ്ര കെട്ടിടത്തിനു പുറകിൽ ഒരു പൊതു ശൗചാലയസൗകര്യം ജനങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും, അതിനെക്കുറിച്ച് അധികമാർക്കും അറിവില്ല. ജനങ്ങളുടെ ആവശ്യം ന്യായമാണെന്നുള്ള അഭിപ്രായം തന്നെയാണ് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേലിനുമുള്ളത്.

> “ഒരു പൊതുടോയ്‌ലറ്റ്, പൊതുബസ്സ്റ്റോപ്പ് ഇവയൊക്കെ അത്യാവശ്യമാണ്. നിലവിൽ അതൊന്നുമില്ല. പുതിയ പഞ്ചായത്ത് ഭരണസമിതി അത് നടപ്പിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു.
> -മോഹനൻ വടക്കേടത്ത്

'അയ്യൻകുന്ന് പഞ്ചായത്തിന് അങ്ങാടിക്കടവിൽ സ്വന്തമായി സ്ഥലമില്ല. പലപ്പോഴും പബ്ലിക് ടോയ്‌ലറ്റ് ഉണ്ടാക്കുന്നതിനുള്ള ശ്രമം നടത്തിയിട്ടുണ്ട്. പക്ഷേ സ്ഥലമില്ലാത്തതിനാൽ നടന്നിട്ടില്ല. കെ എസ് ടി പി യുടെ റോഡ് നിർമ്മാണത്തോടനുബന്ധിച്ച് ഒരു പബ്ലിക് സാനിറ്റേഷൻ ഫെസിലിറ്റി കൂടി അവർ ഒരുക്കുന്നുണ്ട്. ആ പ്രോജക്റ്റിനെപ്പറ്റി കൃത്യമായ ഒരു നിർദ്ദേശം ലഭിച്ചിട്ടില്ലെങ്കിലും ഏകദേശം അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഇ-ടോയ്‌ലറ്റ് മാതൃകയിലായിരിക്കുമത്. എന്തായാലും റോഡ് പണി തീരുമ്പോഴേക്കും, അങ്ങാടിക്കടവിന് ഒരു പബ്ലിക് സാനിറ്റേഷൻ ഫെസിലിറ്റി ലഭിക്കുമെന്ന് പ്രതീക്ഷിക്കാം' പ്രസിഡന്റ് കൂട്ടിച്ചേർത്തു.

### എന്താണ് ഇ-ടോയ്‌ലറ്റ്?

സ്വയം ഉൾക്കൊള്ളുന്ന, സ്വയം വൃത്തിയാക്കുന്ന, ഉപഭോക്തൃ സൗഹൃദ- ഓട്ടോമാറ്റിക് സൗകര്യങ്ങളോടുകൂടി, പൊതു സ്ഥലങ്ങളിൽ സ്ഥാപിക്കാവുന്ന പബ്ലിക് സാനിറ്റേഷൻ ഫെസിലിറ്റിയാണ് ഇ-ടോയ്‌ലറ്റ്. മുഴുവനായും സ്റ്റെയിൻലെസ് സ്റ്റീൽ കൊണ്ട് നിർമ്മിച്ചിട്ടുള്ള ഇ-ടോയ്‌ലറ്റിന് പ്രീ-ഫ്ളഷ്, പോസ്റ്റ് ഫ്ളഷ്, പ്ലാറ്റ്ഫോം ക്ലീനിങ് എന്നിവയുൾപ്പെടെയുള്ള സൗകര്യങ്ങളുണ്ട്. പരിമിത സ്ഥലസൗകര്യം മതിയെന്നത് മറ്റൊരു പ്രത്യേകതയാണ്.




## ശാപമോക്ഷം കാത്ത്

### രണ്ട് വർഷം മുമ്പ് നവീകരണത്തിനായി പൊളിച്ചിട്ട ഓവുചാലിന്റെ നിർമ്മാണം ഇനിയും ആരംഭിച്ചിട്ടില്ല

**ചെറുപുഷ്പം പാറയ്ക്കൽ**

അങ്ങാടിക്കടവിലെ ഓവുചാലുകൾ അപകടഭീഷണിയുയർത്തുന്നു. ഓവുചാലുകൾ അടഞ്ഞുപോയതിനെ തുടർന്ന് രണ്ടു വർഷങ്ങൾക്കു മുൻപ് പഞ്ചായത്തിന്റെ നേതൃത്വത്തിൽ പൊളിച്ച സ്ലാബുകളിൽ തട്ടിയും കാൽവഴുതിയുമൊക്കെ പലർക്കും ഇതിനകം തന്നെ പരിക്ക് പറ്റിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയിലാണ് ഓവുചാൽ സംരക്ഷണം. അതിനാലാണ് അറ്റകുറ്റപ്പണികൾ നടത്തുന്നതിനു തടസ്സമെന്ന് പഞ്ചായത്തധികൃതർ ചൂണ്ടിക്കാണിക്കുന്നു.

പകർച്ചവ്യാധിയുടെ പെരുമഴക്കാലമാണ് വരുന്നത്. മലിനജലം കൃത്യമായി ഒഴുകിപ്പോകാതെ റോഡിലേക്കും കടമുറികളിലേക്കും പരന്നൊഴുകിയാൽ പകർച്ചവ്യാധികൾ പടർന്നു പിടിക്കാനുള്ള സാധ്യതകളേറെയാണ്. ഓവുചാൽ പൊളിച്ചിട്ടതുകൊണ്ട് ഏറ്റവും ബുദ്ധിമുട്ട് അനുഭവിക്കുന്നവർ ഇവിടുത്തെ വ്യാപാരികളാണ്. മഴപെയ്യുമ്പോൾ തന്നെ തകർന്ന ഓവുചാൽ കവിഞ്ഞു മലിനജലം റോഡിലേക്കും കടകളിലേക്കും ഒഴുകിയെത്തും. എത്രയും പെട്ടെന്ന് ഇതിനൊരു പരിഹാരം അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടായേ മതിയാവു. പഞ്ചായത്തോ പൊതുമരാമത്തോ എത്രയും വേഗത്തിൽ ഓവുചാലുകൾ ആഴം കൂട്ടി സ്ലാബ് സുരക്ഷിതമാക്കണം. പൊതുമരാമത്ത് പണികൾ ആരംഭിക്കുന്നതുവരെ കാത്തു നിൽക്കാതെ ജനങ്ങളുടെ ആരോഗ്യവും ജീവനും മുൻതൂക്കം നൽകിക്കൊണ്ട് പഞ്ചായത്ത് തന്നെ അടിയന്തരമായി ഓവുചാലുകൾ സുരക്ഷിതമാക്കാനുള്ള നടപടി കൈക്കൊള്ളണമെന്ന് ടൗണിലെ വ്യാപാരി കൂടിയായ മോഹനൻ വടക്കേടത്ത് ആവശ്യപ്പെട്ടു.



അങ്ങാടിക്കടവിൽ നവീകരണം കാത്തുകിടക്കുന്ന ഓവുചാൽ

'മേൽപ്പറഞ്ഞ ഓവുചാൽ നിർമ്മാണം പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട കാര്യമല്ല. ഇതിന്റെ അറ്റകുറ്റപ്പണി പൊതുമരാമത്തിന്റെ നിയന്ത്രണത്തിലാണെന്നു' അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

ഓവുചാലുകൾ പൊളിച്ചിട്ടിരിക്കുന്നതുകൊണ്ട് ഏറെ ബുദ്ധിമുട്ടനുഭവിക്കുന്ന മറ്റൊരു വിഭാഗമാണ് ഓട്ടോഡ്രൈവർമാർ. മലിനജലം റോഡിൽ ഒഴുകുമ്പോൾ കാൽനടയാത്രക്കാരുടെ ദേഹത്ത് വെള്ളം തെറിക്കുന്നതുകൊണ്ട് ഏറെ ശകാരം കേൾക്കേണ്ടിവരുന്നു. ഗതാഗതക്കുരുക്കും നിത്യസംഭവമാണ്. അതുകൊണ്ട് കാൽനടയാത്രക്കാരും വാഹനയാത്രക്കാരും അനുഭവിക്കുന്ന ദുരിതങ്ങൾക്ക് നേർ സാക്ഷികളാണ് ഓട്ടോടാക്സി ഡ്രൈവർമാർ. 'മലിനജലം നിറഞ്ഞ റോഡുകളിലൂടെ വാഹനമോടിക്കുന്നത് ഏറെ ദുഷ്കരമാണ്. റോഡിന് വീതി കുറവായതുകൊണ്ട് ഗതാഗതക്കുരുക്കും വിഷമിപ്പിക്കുന്നു. എത്രയും വേഗത്തിൽ ഓവുചാൽ നിർമ്മാണം പൂർത്തീകരിച്ച് അപകടങ്ങൾ ഒഴിവാക്കണമെന്ന്' ഓട്ടോ ഡ്രൈവർ രവി അഭിപ്രായപ്പെട്ടു.

പിഡബ്ല്യുഡിയുടെ നേതൃത്വത്തിൽ പുതിയ റോഡ് പദ്ധതിക്കുള്ള നടപടി തുടങ്ങിക്കഴിഞ്ഞു. ഉടൻ തന്നെ പണി ആരംഭിക്കുമെന്നാണ് അറിയുവാൻ കഴിഞ്ഞത്. പുതിയ റോഡ് വരുന്നതോടെ ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടും. ടൗണിന് പുതിയ മുഖച്ഛായ തന്നെ ഉണ്ടാകുമെന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ അറിയിച്ചു.

## എഡിറ്റോറിയൽ

### വേണം പുരോഗതി, വരണം വികസനം

അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിന്റെ തലസ്ഥാനമാണ് അങ്ങാടിക്കടവ്. തൊട്ടടുത്തുള്ള കരിക്കോട്ടക്കരി, വള്ളിത്തോട് പ്രദേശങ്ങളൊക്കെ മോഡേണായപ്പോഴും, കുറച്ചു വ്യത്യാസം വന്നതൊഴിച്ചാൽ അന്നും ഇന്നും കുറച്ചു മാത്രം വികസനം വന്നൊരു സ്ഥലമാണ് അങ്ങാടിക്കടവ്. ഭരണാധികാരികൾ ആരും തന്നെ അങ്ങാടിക്കടവിനെ വേണ്ടവിധത്തിൽ പരിഗണിക്കുന്നില്ലെന്ന പരാതിയാണ് നാട്ടുകാർക്ക്.

പഞ്ചായത്ത് കാര്യാലയം, സ്കൂൾ, ബാങ്ക്, അക്ഷയ കേന്ദ്രം, വില്ലേജ് ഓഫീസ്, പ്രാഥമിക ആരോഗ്യ കേന്ദ്രം, കോളേജ് ഇവയൊക്കെ സ്ഥിതി ചെയ്യുന്ന അങ്ങാടിക്കടവിൽ ദിവസേന ഒട്ടേറെ ആളുകളാണെത്തുന്നത്. എന്നിട്ടും ഈ പ്രദേശത്ത് ഗതാഗത സൗകര്യങ്ങൾ കുറവാണ്. ഇവിടെയെത്തുന്ന ആളുകൾക്കായ് ടൗണിൽ ഒരു ബസ് കാത്തിരിപ്പ് കേന്ദ്രമോ, പൊതു ശൗചാലയസൗകര്യമോ, നല്ല വീതിയുള്ള റോഡോ, ഫുഡ്പാത്തുകളോ, സ്ലാബിട്ട കാനകൾ പോലുമോ ഇല്ല. നാടിന്റെയും നാട്ടുകാരുടെയും ഈ ആവശ്യങ്ങളിൽ അധികൃതർ വേണ്ടത്ര ശ്രദ്ധ നൽകേണ്ടതുണ്ട്.

അങ്ങാടിക്കടവിന് ആശ്വാസമായി കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന് കീഴിൽ എല്ലാവിധ സജ്ജീകരണങ്ങളോടും കൂടി റോഡ് നവീകരിക്കുകയാണ്. അവിടെയും റോഡിന്റെ വീതിയെ സംബന്ധിച്ച് ചില ആശങ്കകൾ ഓട്ടോറിക്ഷതൊഴിലാളികൾ അടക്കമുള്ള നാട്ടുകാർ പങ്കുവയ്ക്കുകയുണ്ടായി.

രണ്ടാംകടവ്, വാണിയപ്പാറ, ഉരുപ്പുംകുറ്റി, ചരൾ, ആനപ്പന്തി, എന്നീ സ്ഥലത്തുള്ളവർ ആരോഗ്യപ്രശ്നങ്ങൾക്ക് പ്രധാനമായും ആശ്രയിക്കുന്നത് അങ്ങാടിക്കടവ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തെയാണ്. പിഎച്ച്സിയുടെ പ്രവർത്തനം കാര്യക്ഷമമാണെങ്കിലും സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. വർഷങ്ങൾക്കു മുൻപ് കിടത്തി ചികിത്സയും, പ്രസവ ചികിത്സയുമൊക്കെ നടന്നിരുന്ന ആശുപത്രിയിലിന്ന് അത്തരം സൗകര്യങ്ങൾ ഒന്നും തന്നെയില്ല എന്നത് ഒരു വലിയ പോരായ്മയാണ്. എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം നാടിന്റെ മുതൽക്കൂട്ടാണ് എന്നു മറക്കാതിരിക്കാം.

നിലവിലുള്ള പഞ്ചായത്തുഭരണസമിതിയും, മറ്റ് ഭരണാധികാരികളും അങ്ങാടിക്കടവിന്റെ വികസനത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുമെന്നു പ്രതീക്ഷിക്കാം.

-എഡിറ്റർ

## ഈ വർഷവും പ്രവേശനോത്സവം ഓൺലൈൻ



**അഭിരാം കെ.**

അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് യു പി സ്കൂളിലെ 2021-22 അധ്യായന വർഷത്തെ പ്രവേശനോത്സവം ഓൺലൈനായി നടത്തും. കോവിഡ് ഭീതിയിൽ കഴിഞ്ഞവർഷം പ്രവേശനോത്സവം നടത്താൻ സാധിച്ചിരുന്നില്ല. ഒന്നാം ക്ലാസ് വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള വാട്സ്ആപ്പ് ഗ്രൂപ്പ് വഴിയോ ഗൂഗിൾ മീറ്റ് വഴിയോ ആയിരിക്കും ഈ വർഷം പ്രവേശനോത്സവം നടത്തുക. മുൻവർഷങ്ങളിൽ സ്കൂളിലെത്തുന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി വരാറുണ്ടായിരുന്നു. ഈ വർഷം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് എല്ലാ വിദ്യാർത്ഥികളുടെയും വീടുകളിൽ സമ്മാനങ്ങൾ എത്തിക്കും.

കഴിഞ്ഞ മാർച്ച് - ഏപ്രിൽ മാസങ്ങളിൽ അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് യു പി സ്കൂളിൽ പഠിക്കുന്ന 514 കുട്ടികളുടെ വീടുകൾ അധ്യാപകർ സന്ദർശിക്കുകയും കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. കുട്ടികൾക്കും രക്ഷിതാക്കൾക്കും അത് വളരെയേറെ സന്തോഷം നൽകിയിരുന്നു. അതുകൊണ്ടുതന്നെ വരുന്ന അധ്യയന വർഷത്തിൽ ഓൺലൈൻ വിദ്യാഭ്യാസമാണെങ്കിൽ കൂടി എല്ലാമാസവും അതതു ക്ലാസ് ടീച്ചർമാർ കുട്ടികളുടെ വീട് സന്ദർശിക്കുകയും പുസ്തകങ്ങൾ പരിശോധിക്കുകയും സംശയനിവാരണം നടത്താനുള്ള സംവിധാനം ഒരുക്കുകയും ചെയ്യുമെന്ന് അധികൃതർ അറിയിച്ചു.

കോവിഡ് പടർന്നു പിടിച്ചപ്പോൾ നഷ്ടമായത് മനോഹരമായ സ്കൂൾ കാലഘട്ടം തന്നെയാണ്. പ്രത്യേകിച്ചും എൽ.പി വിഭാഗം കുട്ടികളെയാണ് കാര്യമായി ബാധിച്ചത്. 'ക്ലാസ് മുറിയുടെ അന്തരീക്ഷത്തിൽ പഠിക്കുന്നതു പോലെ ഓൺലൈൻ ക്ലാസുകളിൽ ഒരിക്കലും പഠിക്കാൻ സാധിക്കില്ല. അതുപോലെതന്നെ സ്കൂളുകളിൽ അദ്ധ്യാപകർ കുട്ടികളെ പഠിപ്പിക്കുന്ന രീതിയിൽ രക്ഷിതാക്കൾക്ക് പഠിപ്പിക്കാൻ കഴിയുന്നില്ല. അതുകൊണ്ടുതന്നെ ചെറിയ കുട്ടികളുടെ വിദ്യാഭ്യാസത്തെ വളരെയേറെ ബാധിച്ചിട്ടുണ്ടെന്നു' ഹെഡ് മാസ്റ്റർ സ്റ്റാനി എം. കെ. അഭിപ്രായപ്പെട്ടു.

കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി വർക്ക് ഷീറ്റ്, ഹോംവർക്ക്, ഓൺലൈൻ പരീക്ഷ എന്നിവ അധ്യാപകർ നടത്തിവരാറുണ്ട്. കൂടാതെ ദിനാചരണങ്ങൾ, രചനാ മത്സരങ്ങൾ,കലാപരിപാടികൾ എന്നിങ്ങനെ സ്കൂളിൽ നടത്തുന്ന എല്ലാ പരിപാടികളും ഓൺലൈൻ വഴി സംഘടിപ്പിക്കാൻ ശ്രമിച്ചു. ഇതു വഴി കുട്ടികളുടെ കലാപരമായ കഴിവുകളെ മുൻപോട്ടു കൊണ്ടുവരാൻ കഴിയും.

ഓൺലൈൻ വിദ്യാഭ്യാസത്തിൽ വലിയൊരു പങ്ക് രക്ഷിതാക്കൾക്കും കൂടിയുള്ളതാണ്. രക്ഷിതാക്കൾ കുട്ടികളുടെ പഠന കാര്യത്തിൽ കൃത്യമായ ശ്രദ്ധ പുലർത്തിയില്ലെങ്കിൽ കുട്ടികളുടെ പഠനത്തെ കാര്യമായിത്തന്നെ ബാധിക്കും. പല രക്ഷിതാ ക്കൾക്കും ഓൺലൈൻ വിദ്യാഭ്യാസം ഒരു വെല്ലുവിളി ആയി മാറിയിരിക്കുകയാണ്. 'സ്കൂളിന്റെ ഭാഗത്തു നിന്നും അധ്യാപകരുടെ ഭാഗത്തുനിന്നും പൂർണ്ണ പിന്തുണയും സഹായങ്ങളും ലഭിക്കാറുണ്ട്' പി ടി എ പ്രസിഡന്റ് സണ്ണി തോമസ് ഒറ്റപ്ലാക്കൽ പറഞ്ഞു.

## ദേശീയ ഫിസ്റ്റ്ബോളിലെ മലയാളി 'കൈ'

**അദാസിയോ ജോവാക്കിം**

അധികമാരും സഞ്ചരിച്ചിട്ടില്ലാത്ത വഴികളിലൂടെ യാത്ര ചെയ്യുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. എങ്കിലും അതായിരുന്നു അയാൾക്കിഷ്ടം. ഒരു കളിക്കാരനായി മാറുക എന്നതിനപ്പുറം വ്യത്യസ്തമായ ഒരു കളിയുടെ പരിശീലകനാകുക എന്നതായിരുന്നു കുട്ടിക്കാലം മുതലുള്ള അയാളുടെ ആഗ്രഹം. ഈ ലക്ഷ്യവുമായാണ് ഇന്ത്യയുടെ വടക്കുകിഴക്കൻ മേഖലയിലേയ്ക്ക് അയാൾ യാത്രതിരിച്ചത്. നിരാശയായിരുന്നു ഫലം! ഒന്നും കണ്ടെത്താനാകാതെ ജന്മനാടായ കേരളത്തിലേക്ക് അയാൾ തിരിച്ചെത്തി, ഒരു ഫുട്ബോൾ ക്യാമ്പ് ആരംഭിച്ചു. എങ്കിലും അയാളുടെ അന്വേഷണങ്ങളുടെ ചിറകറ്റിരുന്നില്ല. സോഷ്യൽ മീഡിയയിൽ നിന്നാണ് കേരളീയർക്ക് അത്ര പരിചിതമല്ലാത്ത ഫിസ്റ്റ്ബോൾ എന്ന ഗെയിമിനെ കുറിച്ച് അയാൾ അറിയുന്നത്. നിലവിൽ ഇന്ത്യൻ നാഷണൽ ഫിസ്റ്റ്ബോൾ ടീമിന്റെ പ്രമോട്ടറും ഹെഡ് കോച്ചുമാണദ്ദേഹം. കേരളത്തിലും ഇന്ത്യയിലും ഫിസ്റ്റ്ബോൾ അതിജീവനത്തിന്റെ പ്രതീക്ഷയാണ് അങ്ങാടിക്കടവ് സ്വദേശിയായ ഷൈജു സെബാസ്റ്റ്യൻ കുന്നോല.

'കുട്ടിക്കാലം മുതൽ എനിക്ക് കായികരംഗത്തും ഗെയിമുകളിലും താൽപര്യമുണ്ടായിരുന്നു. ആരോഗ്യപരമായ ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നതുകൊണ്ട് കൂടുതൽ കായികാധ്വാനം വേണ്ട ഗെയിമുകൾ കളിക്കാൻ സാധിച്ചിരുന്നില്ല. ഫുട്ബോൾ അല്ലെങ്കിൽ ക്രിക്കറ്റ് പോലുള്ള മുഖ്യധാര കളികളേക്കാൾ അത്ര അറിയപ്പെടാത്ത കായിക രംഗങ്ങളിൽ എന്റെ കഴിവുകൾ തെളിയിക്കാൻ ഞാൻ തീരുമാനിച്ചു'. ഷൈജു പറയുന്നു.

ഒരു ഫിസ്റ്റ്ബോൾ പ്രൊമോട്ടർ എന്ന നിലയിൽ ഷൈജുവിന് കണ്ണൂർ ജില്ലയുടെ ചുമതലയുണ്ട്. അദ്ദേഹത്തിന്റെ പരിശീലന മികവിൽ സംസ്ഥാന പുരുഷ ചാമ്പ്യൻമാരാണ് ജില്ലാ ടീം. നിർഭാഗ്യവശാൽ, ജില്ലയിൽ ഒരു വനിതാ ടീം ഇല്ല. 1996 ൽ അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജിൽ നിന്ന് ഹയർ സെക്കണ്ടറി




പരിശീലകനായ ഷൈജു സെബാസ്റ്റ്യൻ ടീമംഗങ്ങളോടൊപ്പം

പഠനം പൂർത്തിയാക്കിയ ഷൈജു, ഇപ്പോൾ ഫുട്ബോൾ, വോളിബോൾ, നെറ്റ്ബോൾ, ഫിസ്റ്റ്ബോൾ എന്നിവയിൽ നൂറോളം അത്ലറ്റുകൾക്ക് പരിശീലനം നൽകുന്ന സോക്കർ 9 സ്പോർട്സ് ഫൗണ്ടേഷൻ അക്കാദമി നടത്തുന്നു. മൂന്ന് വർഷം മുമ്പ് 2019 ലാണ് ഫിസ്റ്റ്ബോൾ കേരളത്തിലെത്തിയത്. ഇപ്പോൾ ഇരിട്ടി പ്രദേശത്തു നിന്നും ആറ് പേർ ഈ ഗെയിമിൽ ദേശീയ രംഗത്തുണ്ട്.

ഫിസ്റ്റ്ബോൾ ഇന്ത്യയിൽ ഒരു അപരിചിത കായിക ഇനമായതിനാൽ ഈ കളിയിലേക്കുള്ള പ്രതിഭകളെ കണ്ടെത്തി മുഖ്യധാരയിലേക്ക് എത്തിക്കുക എന്നതാണ് അദ്ദേഹത്തിന്റെ ലക്ഷ്യം.

'ഫിസ്റ്റ്ബോളിനെ ഇന്ത്യൻ സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടില്ല, അതുകൊണ്ട് തന്നെ കൗൺസിലിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നില്ല. അതിനാൽ, ഞങ്ങളുടെ ഏറ്റവും വലിയ തടസ്സം സ്പോൺസർമാരെ കണ്ടെത്തുക എന്നതാണ്. ഇപ്പോൾ, ഫിസ്റ്റ്ബോൾ അസോസിയേഷൻ, ഇന്ത്യൻ സ്പോർട്സ് കൗൺസിൽ അഫിലിയേഷനു വേണ്ടി പ്രയത്നിക്കുന്നു. രണ്ട് വർഷത്തിനുള്ളിൽ ഇത് പൂർത്തിയാകും'. അദ്ദേഹം പറഞ്ഞു.

ഫിസ്റ്റ്ബോളിനെ യൂണിവേഴ്സിറ്റി സ്പോർട്സിന്റെ ഭാഗമാക്കാനുള്ള പരിശ്രമത്തിലാണ് ഷൈജു ഇപ്പോൾ. വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്ത് നിന്ന് ഈ കളിക്കുള്ള പ്രോത്സാഹന കുറവ് ഒരു തിരിച്ചടിയാണ്. ഇന്ത്യൻ സ്പോർട്സ് അസോസിയേഷന്റെ ബാനറിൽ ഉൾപ്പെടുത്താതിനാൽ യൂണിവേഴ്സിറ്റി പരീക്ഷയിൽ ഗ്രേസ് മാർക്ക് നേടുന്നതിനുള്ള യോഗ്യത ഈ കായിക ഇനത്തിനില്ല. എന്നിരുന്നാലും, യൂണിവേഴ്സിറ്റി ഉടൻതന്നെ അംഗീകാരം നൽകുമെന്നാണ് പ്രതീക്ഷ. ഷൈജു പറയുന്നു.

നിലവിൽ, 2021 ജൂലൈ 25 മുതൽ ഓഗസ്റ്റ് 15 വരെ സ്വിറ്റ്സർലൻഡിൽ നടക്കാനിരിക്കുന്ന ഗെയിമിനായി പുരുഷ-വനിതാ ദേശീയ ടീമുകളെ ഒരുക്കുകയാണദ്ദേഹം. 2023 ൽ വരാനിരിക്കുന്ന ലോക ഫിസ്റ്റ്ബോൾ ചാമ്പ്യൻഷിപ്പിന് ദേശീയ ടീമിനെ സജ്ജമാക്കുകയാണ് അദ്ദേഹത്തിന്റെ ലക്ഷ്യം.

കണ്ണൂർ ജില്ലയിലെ യൂത്ത് ഫോറം (എം) ജനറൽ സെക്രട്ടറി, സീനിയർ വൈസ് പ്രസിഡന്റ് കണ്ണൂർ ജില്ലാ ടെന്നിസ്കോർട്ട് അസോസിയേഷൻ, കേരള ഫിസ്റ്റ്ബോൾ അസോസിയേഷൻ ജോയിന്റ് സെക്രട്ടറി, അമേരിക്കൻ ഫുട്ബോൾ കേരള അസോസിയേഷൻ എക്സിക്യൂട്ടീവ് അംഗം, കേരള ഗ്ലോബൽ ടെക്നിക്കൽ ഡയറക്ടർ എന്നീ ചുമതലകൾ അദ്ദേഹം ഇപ്പോൾ നിർവഹിക്കുന്നു.

## കൈവരികൾ തകർന്ന് പാലം അപകടാവസ്ഥയിൽ



അപകടാവസ്ഥയിലായ അങ്ങാടിക്കടവ് പാലം

**ക്രിസ്റ്റീൻ ലൂയീസ്**

അങ്ങാടിക്കടവ് - വാലങ്കരി റോഡിനെ ബന്ധിപ്പിക്കുന്ന പാലം, കൈവരികൾ തകർന്ന് അപകടാവസ്ഥയിൽ. രണ്ടു വർഷങ്ങൾക്കു മുമ്പുണ്ടായ ഉരുൾപൊട്ടലിലും വെള്ളപ്പൊക്കത്തിലും പാലത്തിന് കാര്യമായ കേടുപാടുകൾ സംഭവിച്ചിരുന്നു.

'ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച 15 ലക്ഷം രൂപ ഉപയോഗിച്ച് പാലത്തിന്റെ കേടുപാടുകൾ പരിഹരിച്ച് ബലപ്പെടുത്തിയിരുന്നു. 2017 ൽ അങ്ങാടിക്കടവ് ഭാഗത്തുണ്ടായ മണ്ണിടിച്ചിലിനെ തുടർന്ന് പാലത്തിന് ബലക്ഷയം ഉണ്ടായപ്പോൾ പത്ത് ടണ്ണിൽ കൂടിയ വാഹന ഗതാഗതം നിരോധിച്ചു കൊണ്ടുള്ള ബോർഡ് പാലത്തിന്റെ രണ്ടു വശങ്ങളിൽ സ്ഥാപിച്ചിരുന്നു' പാലം ഉൾപ്പെടുന്ന പ്രദേശത്തെ മുൻ വാർഡ് മെമ്പർ ആയിരുന്ന റെജി മേച്ചേരിക്കുന്നേൽ പറഞ്ഞു.

അപകട സൂചന ബോർഡ് വെച്ചിട്ട് നാലുവർഷവും, പ്രളയത്തിൽ കൈവരികൾ തകർന്നിട്ട് മൂന്നു വർഷവുമായിട്ടും അധികാരികളിൽ നിന്ന് യാതൊരുവിധ നടപടിയും പാലത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ഉണ്ടായിട്ടില്ലെന്ന് പ്രദേശവാസികൾ പറയുന്നു.

'പാലത്തിന്റെ കൈവരികൾ തകർന്നതും ബലക്ഷയവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലത്തിനപ്പുറം ചെമ്പോത്തിനാടി കവലയിലേയ്ക്ക് പോകുന്ന റോഡിന്റെ അറ്റകുറ്റപ്പണികൾ നടന്നുവരികയാണ് അതിനെത്തുടർന്ന് കാനകളുടെ നിർമ്മാണവും നടക്കാനുണ്ട്. ഒപ്പം പാലത്തിന്റെ പ്രശ്നങ്ങളും പരിഹരിക്കും. അതിനുള്ള കരാർ പ്രവർത്തനങ്ങൾ ഏൽപ്പിച്ചിട്ടുണ്ട്. മഴ തുടങ്ങിയതുകൊണ്ടാണ് പണികൾ നീണ്ടുപോകുന്നത്' പഞ്ചായത്ത് പ്രസിഡൻറ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

അങ്ങാടിക്കടവിന്റെ വികസനത്തിൽ പ്രധാന പങ്കുവഹിച്ചിട്ടുള്ള കെ. വി. മത്തായി സാറിന്റെ ഇടപെടലാണ് 27 വർഷങ്ങൾക്കു മുമ്പ് ഇത്തരത്തിൽ ഒരു പാലം നിർമ്മിക്കുന്നതിന് കാരണമായത്. രണ്ടു ഘട്ടങ്ങളിലായാണ് പാലം നിർമ്മാണം പൂർത്തിയായത്. ആദ്യഘട്ടത്തിൽ അഞ്ച് ലക്ഷം രൂപയ്ക്ക് രണ്ടു ബോക്സുകളും പിന്നീട് രണ്ടു വർഷങ്ങൾക്കു ശേഷം ഉരുൾപൊട്ടൽ ഉണ്ടായതിനെ തുടർന്ന് രണ്ടരലക്ഷം രൂപയുടെ ഒരു ബോക്സ് കൂടി നിർമിച്ച് പാലം നിർമ്മാണം പൂർത്തിയാക്കി. ഇവിടെ പാലം വരുന്നതിനു മുമ്പ് കവുങ്ങ് തടി ഉപയോഗിച്ച് ഓരോവർഷവും നാട്ടുകാർ താൽക്കാലിക പാലം നിർമിച്ചാണ് ഉപയോഗിച്ചിരുന്നത്. പ്രദേശവാസിയും കെ.വി. മത്തായി സാറിന്റെ മകനുമായ ജസ്റ്റിൻ പറഞ്ഞു.

ഇനിഒരുമലവെള്ളപ്പാച്ചലിനെക്കൂടി പ്രതിരോധിക്കുവാൻ പാലത്തിന് ആകുമോ എന്ന ആശങ്കയിലാണ് പ്രദേശവാസികൾ.

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: പ്രവിൺ പി. എഫ്. | എഡിറ്റർ ഇൻ ചാർജ്: ഡെൽന ഡേവിസ് | സബ് എഡിറ്റേഴ്സ്: ക്രിസ്റ്റീൻ ലൂയീസ്, അഭിരാം കെ., നീതു തങ്കച്ചൻ, ചെറുപുഷ്പം പാറയ്ക്കൽ, തൊവീത്തോ പോജി | ഫോട്ടോഗ്രാഫേഴ്സ്: ക്രിസ്റ്റീൻ ലൂയീസ്, അഭിരാം കെ., നീതു തങ്കച്ചൻ | ഡിസൈൻ: വിപിൻ വില്ല്യം

For private circulation only